സ്പോർട്സ് 2/757/2020/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 16.01.2020.
ഫോൺ: 0471-2580 534; dpisports@gmail.com.

പ്രേക്ഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം : പൊ. വി. വ. - സ്പോർട്സ് - നാഷണൽ ബാസ്ക്കറ്റ് ബോൾ അസോസിയേഷൻ നൽകുന്ന ട്രെയിനിംഗ് - സംബന്ധിച്ച്

സൂചന : നാഷണൽ ബാസ്ക്കറ്റ് ബോൾ അസോസിയേഷന്റെ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മുൻ വർഷം നടത്തിയതുപോലെ നാഷണൽ ബാസ്ക്കറ്റ് ബോൾ അസോസിയേഷൻ കേരളത്തിലെ എല്ലാ എയ്ഡഡ്/സർക്കാർ സ്കൂളുകളിലെയും കായിക അദ്ധ്യാപകർക്ക് ബാസ്ക്കറ്റ് ബോളിൽ ട്രെയിനിംഗ് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ സൂചന കത്തിൽ പറഞ്ഞിരിക്കുന്ന സമയക്രമം അനുസരിച്ച് താങ്കളുടെ ജില്ലയിലെ കായിക അദ്ധ്യാപകരെ പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. സൂചന കത്തിന്റെ പകർപ്പും ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
Dr.CHACKO JOSEPH
Joint Director
Physical Education & Sports
Directorate of General Education
Thiruvananthapuram-14

DIRECTORATE OF GENERAL EDUCATION
JAGATHY, THIRUVANANTHAPURAM-14

157

TWBC MARCOM

പൊതു വിദ്യാഭ്യാസ ഡയറക്ടർ
കേരളം

വിഷയം ; നാഷണൽ ബാസ്ക്കറ്റ് ബോൾ അസോസിയേഷൻ നൽകുന്ന ട്രെയിനിങ് സംബന്ധിച്ച്

-----------------------------------------------------------

സാർ,

നാഷണൽ ബാസ്ക്കറ്റ് ബോൾ അസോസിയേഷൻ സ്കൂൾ വിദ്യാർത്ഥികളിലൂടെ കായിക മേഖലയിലുള്ള ഭാവി ലക്ഷ്യമാക്കി കഴിഞ്ഞ വർഷം നടപ്പിലാക്കിയ പരിശീലന പദ്ധതി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണം കൊണ്ട് കഴിഞ്ഞ വർഷം വൻ വിജയമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം കോഴിക്കോട്, കൊച്ചി. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ വെച്ച് നടന്ന കായിക അധ്യാപകരുടെ പരിശീലന പരിപാടിയിലും തുടർന്ന് നടന്ന സെലക്ഷൻ ക്യാമ്പിലും, കോച്ചിങ് ക്യാമ്പിലും വന്നത് ഏകദേശം 1760 വിദ്യാർത്ഥികളാണ്.

അവരിൽ മികച്ച കഴിയുള്ള 40 പേരെ കണ്ടെത്തി ,നാഷണൽ ബാസ്കറ്റ് ബോൾ അസോസിയേഷൻ പരിശീലനം നൽകുകയും അതിൽ നിന്നും 10 വീതം ആൺകുട്ടികളുടേയും, പെൺകുട്ടികളേയും കണ്ടെത്തി കേരള ടീമിൽ ഉൽപ്പെടുത്തി നാഷണൽ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുകയും, അവിടെ നടന്ന മത്സരങ്ങളിൽ കഴിവ് തെളിയിച്ച നാല് കേരള താരങ്ങൾ ഇന്ത്യൻ ടീമിൽ ഉൽപ്പെട്ട് രാജ്യാന്തര മത്സരത്തിൽ ഇന്ത്യവേണ്ടി കുപ്പായം അണിയുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ഈ വർഷവും ഈ പദ്ധതി നടപ്പിലാക്കാൻ എൻ.ബി.എ മുന്നോട്ട് വന്നിരിക്കുകയാണ്. ആയതിനാൽ കഴിഞ്ഞ വർഷം നൽകിയ സഹകരണവും, പിൻതുണയും ഈ വർഷവും ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിന് വേണ്ടി. സംസ്ഥാന മുഴുവൻ കായിക അധ്യാപകർക്കും പരിശീലനവും, സൗജന്യ ബാസ്കറ്റ് ബോൾ കിറ്റും ഇത്തവണയും നൽകുന്നുണ്ട്. അതിനായുള്ള പരിശീലന പരിപാടികൾ താഴെ പറയുന്ന തീയതികളിൽ നടത്തുകയാണ്. അതിന് വേണ്ടി കായിക അധ്യാപകർ എത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു

13.1.2025

TWBC MARKETING COMMUNICATION PVT.LTD

Registered Office
Level 1, 147,
Paradise Road, Janatha,
Vyttila, Cochin - 682019

Interact
Email : connect@twbc.in
URL : www.twbc.in
LIKE :www.facebook.com/mytwbc

TWBC
MARCOM

1. ജനുവരി 17 - തിരുവനന്തപുരം ജിമ്മി ജോർജ് ഇന്റോർ സ്റ്റേഡിയം ( തിരുവനന്തപുരം, കൊല്ലം , പത്തനംതിട്ട, ജില്ലകളിലെ അധ്യാപകർക്ക്)
2. ജനുവരി 21- എറണാകുളം റീജണൽ സ്പോർട്സ് സെന്റർ ( കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ അധ്യാപകർക്ക്)
3. ജനുവരി 22- കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ സ്റ്റേഡിയം( പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അധ്യാപകർക്ക് )

എന്ന്

ആദരവോടെ

അനൂപ് ചന്ദ്രൻ

13/01/2020

TWBC